# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 217

18/02/2016 -ൽ മറുപടിക്ക്

### ദേശീയ ജലപാത നവീകരണം

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ടി.എൻ പ്രതാപൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ.എസ്. ശബരീനാഥൻ | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാത നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) പ്രസ്തുത പാത വൃത്തിയാക്കി ജലഗതാഗതം പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) യും (ബി) യും | കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാതയാണ് ദേശീയ ജലപാത നമ്പർ - 3 ആയി അംഗീകരിച്ച് പ്രവൃത്തികൾ നടത്തിവരുന്നത് ഇതിന് 168 കി.മീ ദൈർഘ്യം ഉണ്ട്. കൂടാതെ ചമ്പക്കരകനാൽ, (14 കി.മീ), ഉദ്യോഗമണ്ഡൽ കനാൽ (23 കി.മീ) ഇവയുൾപ്പെടെ 205 കി.മീ ദൈർഘ്യമാണ് ഇതിനുള്ളത്. ഈ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' (IWAI) ആണ്. കായംകുളം കായലിൽ 2 കി. മീറ്ററും ആലപ്പുഴ സീറോജെട്ടി ഭാഗത്ത് 400 മീറ്ററും പണി പൂർത്തിയാക്കിയാൽ ഈ പാതയിലാകെ 2 വരി ഗതാഗതം സാദ്ധ്യമാകും. പൂർത്തിയാകാത്ത ഭാഗത്ത് ഇപ്പോൾ ഒറ്റവരി ഗതാഗതം സാദ്ധ്യമാണ്. പ്രസ്തുത പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കുവാനുള്ള നടപടികളാണ് നടന്നുവരുന്നത്. ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി Rs.1/ ടൺ/ കി.മീ നിരക്കിൽ സബ്സിഡി/ ഇൻസെന്റീവ് അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.<br><br>കൂടാതെ ദേശീയ ജലപാതയിലൂടെയുള്ള ബാർജ്ജുകളുടെ നീക്കം സുഗമമാക്കുന്നതിനായി ഉദ്യോഗമണ്ഡലിലും ചവറയിലും സ്ഥിരം ബർത്തും മറ്റു അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിനായി 150 ലക്ഷം രൂപയും, |

കോവിൽതോട്ടം പാലം നിർമ്മാണത്തിന് KMML-ന്റെ വിഹിതമായ തനത് എസ്റ്റിമേറ്റിന്റെ 50% തുക, KMML-ന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് സർക്കാരിലേക്ക് ഈടാക്കുന്നതാണ് എന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ അനുവദിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്.

ദേശീയ ജലപാത കോട്ടപ്പുറം മുതൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരം വരെയും കൊല്ലം മുതൽ കോവളം/വിഴിഞ്ഞം വരെയും ദീർഘിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ ദീർഘിപ്പിക്കുന്നതിനാണ് ഇപ്പോൾ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത്.

കോവളം - കൊല്ലം ജലപാത, സംസ്ഥാന ജലപാതയായിട്ടാണ് അംഗീകരിച്ചിട്ടുള്ളത്. പ്രസ്തുത ജലപാതയിൽ 13-ാം ധനകാര്യ കമ്മീഷൻ, നബാർഡ്, സ്റ്റേറ്റ് ഫണ്ട് എന്നിവയുടെ സഹായത്തോടെയുള്ള പുനരുദ്ധാരണ പ്രവൃത്തികളാണ് നടന്ന് വരുന്നത്.

(സി) ദേശീയ ജലപാത നവീകരിച്ച്, ഇരു കരകളിലും പുഷ്പ-ഔഷധച്ചെടികൾ വച്ചു പിടിപ്പിച്ചും, സൗന്ദര്യവത്കരിച്ചും, ഇരിപ്പിടങ്ങൾ, ലഘുഭക്ഷണശാലകൾ എന്നിവ ക്രമീകരിച്ചും ടൂറിസം പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

(സി) ദേശീയ ജലപാതയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി ഗതാഗതയോഗ്യമാകുന്ന മുറയ്ക്ക് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇത്തരം പദ്ധതികൾ പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ